# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 4-1374/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 20/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 4-1374/2023 തീയ്യതി: 20/12/2023

## ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-01-2023 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2023 | 17-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2023 | 17-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
സുഷ റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
മനേഷ് കുമാർ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽ കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഷാനി കുരുമ്പോലിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഷാജഹാൻ.എം | സെക്രട്ടറി | 01-04-2022 | 12-03-2023 |
| ശ്രീ.രാജേഷ്.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-03-2023 | 15-03-2023 |
| ശ്രീമതി.സബീന.എസ് | സെക്രട്ടറി | 16-03-2023 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.വിശ്വജ്യോതി.കെ | കൃഷി ഓഫീസർ | 01-04-2022 | 19-11-2022 |
| ശ്രീമതി.രേഷ്മ രമേഷ് | കൃഷി ഓഫീസർ | 20-11-2022 | 31-03-2023 |
| ഡോ.ഷിബു.കെ.എസ് | വെറ്റിനറി സർജൻ | 01-04-2022 | 21-05-2022 |
| ഡോ.ഷൈനി.കെ | വെറ്റിനറി സർജൻ | 22-05-2022 | 07-08-2022 |
| ഡോ.തോമസ് മാത്യൂ | വെറ്റിനറി സർജൻ | 08-08-2022 | 31-03-2023 |
| ശ്രീമതി.അജിത.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ആനന്ദ്.പി.എം | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2022 | 14-09-2022 |
| ഡോ.റിഷാദ്.എഎം | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 15-09-2022 | 31-03-2023 |
| ഡോ.സനിത.ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.സജീവ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 04-01-2023 |
| ഡോ.ഷബാന.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05-01-2023 | 15-02-2023 |
| ഡോ.പ്രണിത നെൽസൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 16-02-2023 | 20-02-2023 |
| ഡോ.അഭിലാഷ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-02-2023 | 31-03-2023 |
| ശ്രീമതി.സബീന | എച്ച്.എം | 01-04-2022 | 31-03-2023 |
| ശ്രീമതി.റജീന.എ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മഞ്ജു സി | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2022 | 08-05-2022 |

| | | | |
|---|---|---|---|
| ഗോപാൽ | ഓഫീസർ-1 | | |
| ശ്രീ.രാഹുൽ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 09-05-2022 | 31-03-2023 |
| ശ്രീമതി.രാജലക്ഷ്മി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2022 | 08-05-2022 |
| ശ്രീ.സുബിൻ.എസ്.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 09-05-2022 | 31-03-2023 |
| ശ്രീ.അഖിൽ പ്രസാദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.സിബി സോമൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-12-2022 |
| ശ്രീ.അനുരാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-01-2023 | 31-01-2023 |
| ശ്രീമതി.പൂജ ചിത്തിര | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-02-2023 | 31-03-2023 |
| ശ്രീ.രാജേഷ് .എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | CFC Grant – ചെലവ്, നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ അഡ്വാൻസ് തുകകൾ യഥാസമയം ക്രമീകരിച്ചില്ല | 1-1-2 |
| 4 | വസ്തുനികുതി - സഞ്ചയ, ILGMS ഡി.സി.ബി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-5 |
| 7 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-6 |
| 8 | പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-7 |
| 9 | Government/Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല | 1-1-9 |
| 11 | Prior Period ആയി ക്രമീകരിച്ച ഇനങ്ങൾ-നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയില്ല | 1-1-10 |
| 12 | LGTSB അക്കൗണ്ടിൽ നെഗറ്റീവ് ബാലൻസ് നിലനിൽക്കുന്നു | 1-1-11 |
| 13 | ഫിക്സഡ് അസ്സറ്റിൽ തുക ഉൾപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | തൊഴിൽ നികുതിയിനത്തിൽ വരവ് രേഖപ്പെടുത്തിയില്ല | 1-1-13 |
| 15 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്യാഷ് വേരിഫിക്കേഷൻ | 1-7 |
| 22 | ക്ഷേമപദ്ധതികൾ | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 24 | തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-അവലോകനം | 1-10 |
| 25 | ഓഡിറ്റ് ഇംപാക്ട്- വസ്തുനികുതി പുനർ നിശ്ചയിച്ച ഇനത്തിൽ 691963 | 1-11 |

| | | |
|---|---|---|
| | രൂപയുടെ അധിക വരവ് | |
| 26 | വസ്തുനികുതി-വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ മേൽത്തരം തറ നിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയില്ല | 1-12 |
| 27 | വാണിജ്യ കെട്ടിടത്തിന് നികുതി നിശ്ചയിച്ചത് മാനദണ്ഡപ്രകാരമല്ല | 1-13 |
| 28 | തൊഴിൽ നികുതി - യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-14 |
| 29 | ബിൽഡിംഗ് പെർമിറ്റ് സമയബന്ധിതമായി അനുവദിക്കപ്പെടുന്നില്ല | 1-15 |
| 30 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും വിതരണം ചെയ്തു | 1-16 |
| 31 | പ്രൊക്യൂർമെന്റ് കമ്മറ്റി കൂടുന്നില്ല | 1-17 |
| 32 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - പദ്ധതി നിർവ്വഹണത്തിൽ അലംഭാവം | 1-18 |
| 33 | വാങ്ങലിൽ ജില്ലാ തല യൂണിറ്റ് കോസ്റ്റ് പാലിച്ചിട്ടില്ല | 1-19 |
| 34 | പൊതുടാപ്പുകളുടെ ഡിസ്കണക്ഷൻ - പണം ഒടുക്കിയിട്ടും വാട്ടർ അതോറിറ്റി നടപടിയെടുത്തില്ല | 1-20 |
| 35 | ഹരിത കർമ്മസേനയുടെ പ്രവർത്തനം നിലച്ചു - ബെയ്‌ലിംഗ് മെഷീൻ കത്തിക്കരിഞ്ഞ നിലയിൽ | 1-21 |
| 36 | ഫെസ്റ്റിവൽ അഡ്വാൻസ് ആയി നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 1-22 |
| 37 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ | 1-23 |
| 38 | രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-24 |
| 39 | പൊതു കുടിവെള്ള പദ്ധതി- ബോർവെൽ നിർമ്മാണം വാർഡ് 10- പ്രവൃത്തി നടപ്പിലായില്ല | 1-25 |
| 40 | പാലിയേറ്റീവ് പരിചരണ പദ്ധതി- മെഡിസിൻ പൂർണ്ണമായും ലഭിച്ചില്ല | 1-26 |
| 41 | മുൻകൂർ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല | 1-27 |
| 42 | പദ്ധതി നിർവ്വഹണത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പൂർണ്ണമായും അവഗണിക്കപ്പെട്ടു | 1-28 |
| 43 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അനുവദനീയമായ മുഴുവൻ തുകയും നല്കിയിട്ടില്ല | 1-29 |
| 44 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-30 |
| 45 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാനവശേഷിക്കുന്നു | 1-31 |
| 46 | പ്രത്യേക കന്നുകുട്ടി പരിപാലനം - പദ്ധതി പൂർത്തിയായില്ല | 1-32 |
| 47 | കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല | 1-33 |
| 48 | ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നൽകിയതിൽ നിർദ്ദിഷ്ട | 1-34 |

| | | |
|---|---|---|
| | സ്പെസിഫിക്കേഷൻ പാലിച്ചിട്ടില്ല | |
| 49 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായനികുതി ഈടാക്കിയില്ല | 1-35 |
| 50 | അനുപൂരക പോഷകാഹാര പരിപാടിയിൽ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയ തുക കുടിശ്ശികയായി തുടരുന്നു | 1-36 |
| | ഭാഗം **2** | |
| 1 | വാണിജ്യ കെട്ടിടത്തിന് നികുതി നിശ്ചയിച്ചത് മാനദണ്ഡപ്രകാരമല്ല | 2-1 |
| | ഭാഗം **3** | |
| 1 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായ നികുതി ഈടാക്കിയിട്ടില്ല | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിശദാംശം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2023 ലെ 2(1) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 14.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 CFC Grant – ചെലവ്, നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

CFC Grant (Tied & Un Tied - ബാങ്ക്) നീക്കിയിരുപ്പ് തുകകൾ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തമില്ല. രജിസ്റ്റർ പ്രകാരം Tied & Un Tied (ബാങ്ക്) നീക്കിയിരുപ്പ് 3888707/- രൂപയും വാർഷിക ധനകാര്യ പത്രികയിൽ (B-4, B-17, RP40(b)) 388655/- രൂപയുമാണ്. 52/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ അഡ്വാൻസ് തുകകൾ യഥാസമയം ക്രമീകരിച്ചില്ല

വിവിധ ഏജൻസികൾക്ക് (കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ, അനർട്ട്) നിക്ഷേപ പ്രവൃത്തികൾക്കായി മുൻ കാലങ്ങളിൽ നൽകിയ അഡ്വാൻസ് (B18 ഷെഡ്യൂൾ) സമയബന്ധിതമായി ക്രമീകരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. ഉദാഹരണമായി B18 ഷെഡ്യൂളിൽ ഉൾപ്പെട്ട KWA-505000, Anert – 231000, Other Authorised Agenceis – 205328/-, Accredited Agencies – 3704888, ഗ്രാമലക്ഷ്മി- 31028 എന്നീ അഡ്വാൻസ് തുകകൾ മുൻ വർഷത്തെ ധനകാര്യ പത്രികയിലും ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭിച്ചതായി രേഖയില്ലാത്തതിനാലാണ് ദീർഘകാലമായി ടി തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ Other Deposit (ഹെഡ് 340109901) ഇനത്തിൽ ബാലൻസ് നിലനിൽക്കുന്ന 10000/- രൂപയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല.

1-1-3 വസ്തുനികുതി - സഞ്ചയ, ILGMS ഡി.സി.ബി പൊരുത്തപ്പെടുന്നില്ല

31.03.2023 ലെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡി.സി.ബി വാർഷികകണക്ക് (ILGMS) പ്രകാരമുള്ള വസ്തുനികുതി ഡി.സി.ബി.യുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ട പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ചിട്ടുള്ള വിവിധ ഗ്രാന്റ് തുകകളുടെ വിനിയോഗത്തെ സാധൂകരിക്കുന്ന രീതിയിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനങ്ങളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (8103274) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (-1804761) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-7 പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റും തുകയുടെ കൃത്യതയും വിശദീകരിക്കേണ്ടതാണ്.

### 1-1-8 Government/Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-9 Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

### 1-1-10 Prior Period ആയി ക്രമീകരിച്ച ഇനങ്ങൾ-നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയില്ല

Prior Period ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത (ഷെഡ്യൂൾ I-18, തുക (-)222115/- നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-11 LGTSB അക്കൗണ്ടിൽ നെഗറ്റീവ് ബാലൻസ് നിലനിൽക്കുന്നു

LGTSB അക്കൗണ്ടിൽ(A/C No.799013000000161) RP 40(b) ൽ ബാലൻസ് (-)338792/- രൂപയാണ്. 338792/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും പാസായിരുന്നില്ല. യഥാർത്ഥ ചെലവ് ഉണ്ടായില്ലെങ്കിലും ടി തുക ചെലവിൽ ബുക്ക് ചെയ്തതിനാലാണ് നെഗറ്റീവ് ബാലൻസ് വരാനിടയായത്.

### 1-1-12 ഫിക്സഡ് അസ്സറ്റിൽ തുക ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ ഫിക്സഡ് അസ്സറ്റ് ഇനത്തിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-13 തൊഴിൽ നികുതിയിനത്തിൽ വരവ് രേഖപ്പെടുത്തിയില്ല

ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ രജിസ്റ്റർ പ്രകാരം ഡിമാന്റും കളക്ഷനും 756722/- രൂപയാണ്. എന്നാൽ RP-1 ൽ കളക്ഷൻ 754222/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തൊഴിൽ നികുതിയിനത്തിൽ നേരിട്ട് കുറവ് ചെയ്ത 2500/- രൂപ വരവായി വാർഷിക ധനകാര്യ പത്രികയിൽ ചേർക്കാതിരുന്നതാണ് ഈ അപാകതയ്ക്ക് കാരണം.

### 1-1-14 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/15.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 256542471 | 254376180 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ) | 168134422 | 169653187 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19740005 |
| വരവ് | 46231474 |
| ആകെ | 65971479 |
| ചെലവ് | 48036235 |
| നീക്കിയിരിപ്പ് | 17935244 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | 0 | 20345000 | 20345000 | 20084402 | 260598(ലാപ്സായി) |
| വികസനഫണ്ട് (എസ്.സി.പി) | | 0 | 7028000 | 7028000 | 7028000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 0 | 7299000 | 7299000 | 7286281 | 12719(ലാപ്സായി) |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | 0 | 5753000 | 5753000 | 5396127 | 356873(ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് (ബാങ്ക്) | 1852340 | 5129000 | 6981340 | 4281192 | 2700148(നീക്കിയിരിപ്പ്) |
| | ടൈഡ് (ട്രഷറി) | - | 1360938 | 1360938 | 1193458 | 167480(ലാപ്സായി) |
| | അൺ ടൈഡ് (ബാങ്ക്) | 1790830 | 3596741 (പലിശ ഉൾപ്പെടെ) | 5387571 | 4199012 | 1188559(നീക്കിയിരിപ്പ്) |
| | അൺ ടൈഡ്(ട്രഷറി) | - | 26367 | 26367 | 0 | 26367 (ലാപ്സായി) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 163 | 142900438 | 72 | 65273402 | 58 | 33 | 44.17 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 16 | 1531221 | 1531237 | 1531237 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 45310362 | 45310362 | 45310362 | 0 |
| ആകെ | 16 | 46841583 | 46841599 | 46841599 | 0 |

## 1-7 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-11-23 തീയതിയിൽ 3-00 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4459/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 89760 | 69 |
| കർഷകതൊഴിലാളി പെൻഷൻ | 2604800 | 228 |
| വിധവാ പെൻഷൻ | 12335000 | 1219 |
| വാർദ്ധക്യകാല പെൻഷൻ | 26927700 | 2749 |
| വികലാംഗ പെൻഷൻ | 4226600 | 396 |
| അവിവാഹിത പെൻഷൻ | 394400 | 42 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2.പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതലയുള്ള മേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിട്ടറിംഗ് നടത്തുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. ആസ്തി പരിപാലനം കാര്യക്ഷമമല്ല. എം.സി.എഫ് നിൽക്കുന്ന സ്ഥലത്തിന് ചുറ്റുമതിൽ പോലുമില്ല. അറവുശാലക്കായി നിർമ്മിച്ച കെട്ടിടത്തിനാവട്ടെ ഗേറ്റില്ല. കെട്ടിടം നിലവിലും നിഷ്ക്രിയാസ്തിയായി നിലനിൽക്കുന്നു.

4.ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

5.പ്രൊക്യൂർമെന്റ് കമ്മറ്റി ഒരു തവണ മാത്രമാണ് കൂടിയിട്ടുള്ളത്. അതും എല്ലാ വാങ്ങലുകളും അതിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

6.കുടിവെള്ള പദ്ധതികൾക്കായി തുകകൾ നിക്ഷേപിക്കുന്നുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് ആസ്തിയായി മാറ്റപ്പെട്ടിട്ടില്ല.
മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-10 തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും- അവലോകനം

വിഭവസമാഹരണത്തിന്റെ കാര്യക്ഷമതാപരിശോധനയുടെ ഭാഗമായി നടത്തിയ ടാക്സ് ഓഡിറ്റിൽ തനത് വരവിനങ്ങളുടെ ഡിമാൻഡുകൾ കൃത്യവും പൂർണ്ണവുമല്ല എന്ന് വ്യക്തമായിട്ടുണ്ട്. ഇത് നികുതി ശോഷണത്തിനും ഇടയാക്കുന്നു. പുതിയ തനത് വരുമാനമേഖലകൾ കണ്ടെത്താൻ സാധ്യതകൾ ഇല്ലാത്തതിനാൽ അപ്രകാരമുള്ള നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനും സമയപരിധിക്കുള്ളിൽ അവ സമാഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടില്ല.

തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി നികുതിയേതര തനത് വരുമാന കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ലഭിച്ച തുകകളുടെ വരവുചെലവുകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

ബജറ്റ് പ്രകാരമുള്ളത്

| ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ് | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് |
|---|---|
| 8117500 | 10273384 |

ഏതാനും ഉദാഹരണങ്ങൾ

| ഇനം | ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | എ.എഫ്.എസ് പ്രകാരം വരവ് |
|---|---|---|
| വസ്തു നികുതി | 5000000 | 3916730 |
| തൊഴിൽ നികുതി | 1300000 | 1144932 |
| ലൈസൻസ് ഫീസ് | 250000 | 242300 |
| പെർമിറ്റ് ഫീസ് | 250000 | 167181 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

വരുമാന വർദ്ധനവിനായി സ്വീകരിച്ചതും സ്വീകരിക്കേണ്ടതുമായ നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവരശേഖരണം പൂർത്തിയായില്ല, സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിരക്കിൽ വസ്തു നികുതി പരിഷ്കരിച്ചില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പ് (2) ഉം, 4 ഉം ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏററവും കൂടിയതും കുറഞ്ഞതുമായ പരിധികൾ 2023ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് 05.04.2023 തീയതിയിൽ സ.ഉ.(അച്ചടി)നം 25/2023/ എൽ.എസ്.ജി.ഡി. വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് മുഴുവൻ കെട്ടിടങ്ങളുടേയും വിവരശേഖരണം തുടങ്ങിയിട്ടുണ്ട്. ഇപ്രകാരം വിവരശേഖരണം പൂർത്തിയാക്കിയ പഴയ കെട്ടിടങ്ങൾക്ക് 01.04.2023 മുതൽ 5% നികുതി വർദ്ധനവും പുതിയ കെട്ടിടങ്ങൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരവുമുള്ള നിരക്കുമാണ് നിശ്ചയിച്ചിട്ടുള്ളത്.

വസ്തുനികുതി പരിഷ്കരണം 12.05.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം നം.2(1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നികുതി നിരക്കിന്റെ കരട് വിജ്ഞാപനം പൊതുജനങ്ങളുടെ അറിവിലേക്കും ആക്ഷേപങ്ങൾക്കുമായി ദിനപ്പത്രത്തിൽ പ്രസിദ്ധീകരിക്കുകയും നിയമാനുസൃത കാലയളവിന് ശേഷം ആക്ഷേപങ്ങൾ പരിഹരിച്ച് കരട് വിജ്ഞാപനം അന്തിമമാക്കി ഭരണസമിതിയുടെ 22.08.2023 ലെ തീരുമാനം നം.1(1) പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 17 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി സഞ്ചയയിൽ വരുത്തിയെങ്കിലും അപാകതകൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല.

2) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും യാതൊരു വിവരങ്ങളും ലഭ്യമല്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നിലവിൽ 58 കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ അവശേഷിക്കുന്നു. അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനു സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ലായെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

3) സേവന ഉപ നികുതി

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. നിലവിൽ പഞ്ചായത്ത് സേവന ഉപനികുതി ഈടാക്കുന്നില്ല. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിവയ്ക്കായി വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി കൂടി ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

4) പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നില്ല

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി

സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ, കരാറുകാരുടെ വിവരങ്ങൾ എന്നിവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല. പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയില്ല, ലൈസൻസ് ഫീസ്, ട്രേഡേഴ്സ് തൊഴിൽ നികുതി എന്നിവ പൂർണ്ണമായി ഡിമാന്റ് ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാനാവുന്നില്ല

ഓഡിറ്റ് വർഷം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡടിസ്ഥാനത്തിൽ ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും മുഴുവൻ സ്ഥാപനങ്ങളും പ്രസ്തുത ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 351 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 244 സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ നിന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും അവ യഥാസമയം പുതുക്കുന്നുണ്ടോയെന്നും പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ആധികാരികമാക്കി ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ കൂടുതൽ വരുമാന സാധ്യത കണ്ടെത്തേണ്ടതാണ്.

6)പുതിയ വരുമാന സ്രോതസ്സുകൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന വാണിജ്യ സ്വഭാവമുള്ള ടർഫ്, നീന്തൽക്കുളങ്ങൾ, ജിംനേഷ്യം തുടങ്ങിയ നികുതി പരിധിയിൽപ്പെടാതിരുന്ന ഇനങ്ങൾക്ക് വാണിജ്യ നിരക്കിലുള്ള നിരക്ക് നിശ്ചയിച്ച് വരുമാന സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/13.11.2023) വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ലെന്നും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുന്നതാണെന്നും മറുപടി ലഭിച്ചു. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിന് ആവശ്യമായ പ്രായോഗിക നടപടികൾ ഗ്രാമപഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

1-11 ഓഡിറ്റ് ഇംപാക്റ്റ്- വസ്തുനികുതി പുനർ നിശ്ചയിച്ച ഇനത്തിൽ 691963 രൂപയുടെ അധിക വരവ്

പ്രമുഖ വാണിജ്യസ്ഥാപനത്തിന്റെ കെട്ടിടങ്ങൾക്ക് നികുതി ചുമത്താതിരിക്കുകമൂലം പഞ്ചായത്തിന് ഭീമമായ നഷ്ടം ഉണ്ടായതായി മുൻ ഓഡിറ്റിൽ റിപ്പോർട്ടു ചെയ്തിരുന്നു. പഞ്ചായത്തിന്റെ 2-ാം വാർഡിൽ പ്രവർത്തിക്കുന്ന പ്രമുഖ വാണിജ്യ സ്ഥാപനമായ ശക്തി ടെയ്ഡേഴ്സിന്റെ അധീനതയിലുള്ള പ്രധാന കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയതിനും അവയുടെ നിർമ്മാണങ്ങൾക്ക് പെർമിറ്റ് എടുത്തതിനും രേഖയില്ലായിരുന്നു. ഇത് ശ്രദ്ധയിൽപെട്ടതിനെതുടർന്ന് ടി സ്ഥാപനവുമായ ബന്ധപ്പെട്ടുള്ള ഏതെങ്കിലും കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പെർമിറ്റ് എടുക്കാതിരുന്നതു മൂലം നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു പരിശോധിക്കുവാനും, സ്ഥലപരിശോധന നടത്തി അനധികൃത നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാനും ആവശ്യപ്പെട്ടതനുസരിച്ച് സെക്രട്ടറി നടത്തിയ സ്ഥല പരിശോധനയിൽ കെ.പി.റോഡിന്റെ ഇടതുവശത്ത് കിഴക്കു പടിഞ്ഞാറുഭാഗത്തായി ടി സ്ഥാപന ഉടമസ്ഥന്റെ പേരിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സിന്റേയും വീടിന്റെയും ഇടയിലായി ഗോഡൌണുകളും, വേയ് ബ്രിഡ്ജും പഞ്ചായത്തിന്റെ അനുവാദം കൂടാതെ

നിർമ്മിച്ചിട്ടുള്ളതായും സംഭരണശാലയിൽ വിവിധ നിർമ്മാണ സാമഗ്രികൾ സംഭരിച്ച് സൂക്ഷിച്ച വരുന്നതായും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഇതുമൂലം വലിയ സാമ്പത്തിക നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ടെന്നതിനാൽ വിഷയത്തിൽ സത്വരമായി ഇടപെടുന്നതിനും, അനധികൃത നിർമ്മാണപ്രവൃത്തിക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനും, പഞ്ചായത്തിന് അർഹമായ നികുതി ഈടാക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നതിനും നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അസസ്സ് മെന്റ് പ്രകാരം 691963 രൂപ ഗ്രാമപഞ്ചായത്ത് അധികൃതർ ഈടാക്കി ഒടുക്കവരുത്തിയിട്ടുണ്ട്.

## 1-12 വസ്തുനികുതി-വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ മേൽത്തരം തറ നിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭവ.യിലെ നിർദ്ദേശ പ്രകാരം പഞ്ചായത്ത് 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 70/- രൂപയാണ് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരിക്കുന്നത്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തറനിർമ്മിതിയ്ക്കനുസൃതമായി നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിടനം | വാർഡ് | കെട്ടിടത്തിന്റെ ആകെ വിസ്തൃതി | മേൽത്തരം തറവിസ്തൃതിയ്ക്കനുസൃതമായി ചുമത്തേണ്ട അധിക നികുതി ശതമാനം | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|
| ഷംസുദ്ദീൻ സജിത ബീവി കാവിൽ വീട്ടിൽ | 881 (താഴത്തെ നില) 882 (രണ്ടാംനില | II/ പുള്ളിക്കണക്ക് | 438.86 | 15% | 4608* |
| വിജയൻപിള്ള ശ്രീദേവി അമ്മ കാർത്തിക പുള്ളിക്കണക്ക് | 910 മുതൽ 921 വരെ | II/പുള്ളിക്കണക്ക് | 270.02 | 15% | 2835** |
| അബ്ദുൽ സലീം ഫൈസൽ | 777 | 11/ പുതിയകാവ് | 472.03 | 15% | 4956*** |

| | | | | | |
|---|---|---|---|---|---|
| നിവാസ്, പേരൂർ കാരാഴ്മ, താമരക്കുളം | | | | | |
| ആകെ | | | | | 12399 |

*ഈടാക്കിയ നികുതി – 30720, ഈടാക്കേണ്ട നികുതി – 35328/- (വ്യത്യാസം – 4608)

**ഈടാക്കിയ നികുതി – 18901, ഈടാക്കേണ്ട നികുതി – 21736/- (വ്യത്യാസം – 2835)

***ഈടാക്കിയ നികുതി – 33042, ഈടാക്കേണ്ട നികുതി – 37998/- (വ്യത്യാസം – 4956)

250 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവയാൽ നിർമ്മിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി ചട്ടങ്ങളിലെ പട്ടിക 6 പ്രകാരം അടിസ്ഥാന നികുതിയുടെ 15% വർദ്ധനവ് വരുത്തേണ്ടതാണെന്ന് ബാധകമാക്കിയിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടത്തിന് ഇപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/16.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 വാണിജ്യ കെട്ടിടത്തിന് നികുതി നിശ്ചയിച്ചത് മാനദണ്ഡപ്രകാരമല്ല

സ്മിത.ആർ, ഇല്ലിക്കളത്ത്, ഓച്ചിറ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 9/646, 9/647, 9/648 നമ്പർ കെട്ടിടത്തെ വാണിജ്യ ആവശ്യത്തിനുള്ള ബങ്ക് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് കെട്ടിട നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം ഈ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ നിരക്ക് 30 രൂപയാണ്. വാണിജ്യ ആവശ്യങ്ങൾക്ക് നിർമ്മിക്കപ്പെട്ട പ്രസ്തുത കോൺക്രീറ്റ് കെട്ടിടത്തിന് ആകെ 103.58 ച.മീറ്റർ വലിപ്പമുണ്ട്. 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപ നിരക്കാണുള്ളത്. നിരക്ക് നിശ്ചയിച്ചതിലെ വ്യത്യാസം കാരണം നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ആകെ വിസ്തീർണ്ണം | നിരക്ക് | നികുതി |
|---|---|---|
| 103.58 | 30 | 3107 |
| 103.58 | 50 | 5179 |
| വ്യത്യാസം | | 2072 |

തെറ്റായി നിരക്ക് നിശ്ചയിച്ചതുമൂലം 2072 രൂപ പ്രതിവർഷം വസ്തു നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടാകുന്നുണ്ട്. നിരക്കിലെ വ്യത്യാസം പരിശോധിച്ച് മറുപടി നൽകേണ്ടതാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/16.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി - യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1. ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ

നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

(I) മുത്തൂറ്റ് ഫിൻ കോർപ്പ്, കായംകുളം - II അർദ്ധവർഷം

(Ii). മുത്തൂറ്റ് ഫിൻ കോർപ്പ്, കാപ്പിൽ - I അർദ്ധവർഷം

2. ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ സാക്ഷരത പ്രേരകിന്റെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. റെയിൽവേ ഗ്യംഗ്മാൻ കാബിനുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സതേൺ റെയിൽവേ ട്രിവാൻഡ്രം ഡിവിഷനിൽ നിന്നും ഡിമാൻഡ് ചെയ്തീടാക്കുന്നില്ല.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (നം.14/16.11.2023) മറുപടി ലഭ്യമാക്കിയില്ല. ഈടാക്കാൻ അവശേഷിക്കുന്ന സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

1-15 ബിൽഡിംഗ് പെർമിറ്റ് സമയബന്ധിതമായി അനുവദിക്കപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് 2019, ചട്ടം 9, 13 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനകം സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. സെക്രട്ടറി അപ്രകാരം ചെയ്യാത്ത പക്ഷം റൂൾ 14 പ്രകാരം അപേക്ഷകന് ഭരണസമിതിയ്ക്ക് അപേക്ഷ നല്കാവുന്നതാണ്. ഇപ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുക്കേണ്ടതാണ്. എന്നാൽ 30 ദിവസത്തിനകം തീരുമാനം എടുക്കാത്ത പക്ഷം പെർമിറ്റ് അനുവദിച്ചതായി കണക്കാക്കി അപേക്ഷകന് നിർമ്മാണം തുടരാവുന്നതാണ്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അപേക്ഷകളിൽ 30 ദിവസത്തിനുള്ളിൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചതായി കാണുന്നില്ല. കൂടാതെ അപേക്ഷകർ പഞ്ചായത്ത് കമ്മറ്റിയ്ക്ക് അപേക്ഷ നല്കിയതിന്റെയും കമ്മറ്റി അതിൽ തീരുമാനം എടുത്തതിന്റെയും രേഖകൾ പെർമിറ്റ് രജിസ്റ്ററിലില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നം. | അപേക്ഷകന്റെ വിലാസം | അപേക്ഷ ലഭിച്ച തീയതി | പെർമിറ്റ് അനുവദിച്ച തീയതി | നിർമ്മിതിയുടെ സ്വഭാവം |
|---|---|---|---|---|
| 7647/22 | അഖിൽ | 22.10.2022 | 16.2.2023 | വാണിജ്യ കെട്ടിടം |
| 5434/22 | അനൂപ് രാജൻപിള്ള | 21.10.2022 | 27.12.2022 | വാസഗൃഹം |
| 3732/22 | ആനന്ദ് രാജൻ | 12.8.2022 | 20.9.2022 | വാസഗൃഹം |
| 3510/22 | അബ്ദുൾ കലാം ആസാദ് | 29.07.2022 | 10.11.2022 | വാസഗൃഹം |
| 1575/22 | മുഹമ്മദ് സാലി | 08.04.2022 | 20.05.2022 | വാണിജ്യ കെട്ടിടം |
| 2193/22 | ബഷീർ കുട്ടി | 13.05.2022 | 25.6.2022 | വാണിജ്യ കെട്ടിടം |

പെർമിറ്റ് സമയബന്ധിതമായി നൽകാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും വിതരണം ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിലെ 2022-23 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താവിന്റെ പേരിലുള്ള പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നതിനാൽ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | പെൻഷൻ സ്റ്റാറ്റസ് | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1. | യൂസഫ് കുഞ്ഞ് | വാർദ്ധക്യ പെൻഷൻ | 104970200734 | 6.4.2021 | സസ്പെൻഡഡ് | 05/21 മുതൽ 04/23 വരെ | 38400/- |
| 2. | ദിവാകരൻ.കെ.കെ | വാർദ്ധക്യ പെൻഷൻ | 104970200839 | 14.1.2022 | സസ്പെൻഡഡ് | 02/22 മുതൽ 04/23 വരെ | 25600/- |
| 3 | അഷ്റഫ് | വാർദ്ധക്യ പെൻഷൻ | 104970203045 | 26.4.21 | സസ്പെൻഡഡ് | 05/21 മുതൽ 04/23 വരെ | 38400/- |
| 4. | കോയാക്കുട്ടി | വാർദ്ധക്യ പെൻഷൻ | 104970200149 | 6.5.21 | സസ്പെൻഡഡ് | 06/21 മുതൽ 04/23 വരെ | 36800/- |
| 5. | ഭാസ്കരൻ | വാർദ്ധക്യ പെൻഷൻ | 104970200041 | 20.10.20 | സസ്പെൻഡഡ് | 11/20 മുതൽ 04/23 | 47400 |
| 6. | ജോയിക്കുട്ടി | വാർദ്ധക്യ പെൻഷൻ | 104970200736 | 17.12.22 | സസ്പെൻഡഡ് | 1/23 മുതൽ 04/23 | 8000 |
| 7. | മറിയാമ്മ | വാർദ്ധക്യ പെൻഷൻ | 104970200838 | 17.9.22 | സസ്പെൻഡഡ് | 10/22 മുതൽ 04/23 | 11200 |
| 8. | ഓമന.കെ | വാർദ്ധക്യ പെൻഷൻ | 104970201678 | 8.5.21 | സസ്പെൻഡഡ് | 6/21 മുതൽ 04/23 | 36800 |
| 9. | വാസന്തി | വാർദ്ധക്യ പെൻഷൻ | 104970601068 | 21.5.20 | സസ്പെൻഡഡ് | 6/20 മുതൽ 06/23 | 22200 |
| 10 | രവീന്ദ്രൻ.കെ | വാർദ്ധക്യ പെൻഷൻ | 104970400241 | 7.3.22 | സസ്പെൻഡഡ് | 4/22 മുതൽ 06/23 | 24000 |

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/17.11.2023) മറുപടി ലഭ്യമാക്കിയില്ല. അനർഹമായി കൈപ്പറ്റിയ തുക ബന്ധപ്പെട്ടവരിൽ നിന്ന് തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-17 പ്രൊക്യൂർമെന്റ് കമ്മറ്റി കൂടുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ഒരു സമാഹരണ പ്ലാൻ ഉണ്ടാകേണ്ടതുണ്ട്. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങൽ നടത്തുന്ന പ്രോക്യൂർമെന്റ് ടീമിന്റെ മേൽ നോട്ടം പ്രൊക്യൂർമെന്റ് കമ്മിറ്റി മുഖാന്തിരമാണ് നടത്തുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നിർവ്വഹണ അധികാരിയായ പ്രസിഡന്റ് ചെയർ പേഴ്സണായുള്ള സമിതിയാണ് നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കുന്ന രേഖകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതും ഉചിതമായ തീരുമാനമെടുത്ത് ശുപാർശ ചെയ്യുന്നതും. മിക്കപ്പോഴും വാങ്ങൽ സമിതിയുടെ കൂടിയാലോചനകൾ പേരിനുമാത്രമാണ്. കൃഷ്ണപുരം പഞ്ചായത്തിൽ സാമ്പത്തിക വർഷം ഒരു തവണമാത്രമാണ് സമിതി യോഗം ചേർന്നിട്ടുള്ളത്, 01.02.23 ൽ. പ്രൊക്യൂർമെന്റ് കമ്മറ്റി 04.03.22 ന് ശേഷം 01.02.23 ലാണ് കൂടിയിട്ടുള്ളത്. പിന്നീട് നാളിതുവരെ കമ്മറ്റി കൂടിയിട്ടില്ല.

01.02.23 ലെ മിനിറ്റ്സിൽ ആട് വിതരണം മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. മിനിറ്റ്സുകൾ ക്ലോസ് ചെയ്യുന്നില്ല. ബയ് ലിംഗ് മെഷീൻ, കട്ടിൽ തുടങ്ങിയ പല പ്രോജക്ടുകളും തൻവർഷം നടന്നിട്ടുണ്ടെങ്കിലും അതൊന്നും പ്രൊക്യൂർമെന്റ് സമിതിയുടെ പരിഗണനക്ക് വന്നിട്ടേയില്ല. സേവനങ്ങളുടെയും സാധനങ്ങളുടെയും വാങ്ങലുകൾ ഗുണപ്രദമാകുന്നതിന് പഞ്ചായത്ത് നടത്തുന്ന മുഴുവൻ പർച്ചേസുകളും സമിതിയുടെ അറിവോടെയും ശുപാർശയോടെയും ആയിരിക്കേണ്ടതുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ സവിശേഷമായ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

### 1-18 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - പദ്ധതി നിർവ്വഹണത്തിൽ അലംഭാവം

| | |
|---|---|
| പ്രോജക്റ്റ് നം. | S0124/23 |
| പേര് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം -പട്ടികജാതി |
| അടങ്കൽ | 741200(വികസന ഫണ്ട്) |
| ചെലവ് | 635858/- |
| ബിൽ നം. | 345/31.03.23 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതി പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ ഫയലിൽ ഇല്ല

ചുവടെ പേര് ചേർക്കുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം കട്ടിൽ നല്കിയിട്ടുള്ളതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരുടെ അപേക്ഷ, പ്രായം തെളിയിക്കുന്ന രേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നം. |
|---|---|
| രോഹിണി, പടനിലത്ത് | 12 |
| ഉദയൻ, ഭാഗ്യോദയം | 13 |

2. 60 വയസ്സ് തികയാത്ത ഗുണഭോക്താക്കൾക്ക് കട്ടിൽ നല്കി

സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കും പ്രകാരം പ്രത്യേകമായ ഇളവുകൾക്ക് അർഹത ഇല്ലാത്ത ഗുണഭോക്താക്കളുടെ വിഷയത്തിൽ, 60 വയസ്സ് ആയ വയോജനങ്ങൾക്കാണ് കട്ടിൽ ലഭിക്കുവാൻ അർഹത. ചുവടെ പേര് ചേർക്കുന്ന ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ഇവർക്ക് പദ്ധതി കാലയളവിൽ 60 വയസ്സ് പൂർത്തിയായിട്ടില്ല എന്ന് വ്യക്തമായി.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | ആധാർ പ്രകാരമുള്ള ജനന വർഷം | പദ്ധതി കാലയളവിൽ പൂർത്തിയായ വയസ്സ് |
|---|---|---|---|
| രോഹിണി, ശ്രീരാജ് | 3 | 1964 | 59 |

| | | | |
|---|---|---|---|
| ഭവനം | | | |
| ജഗദമ്മ, കടത്തുവിളയിൽ | 7 | 1968 | 55 |
| ഗീത, വേണാട്ട് വയലിൽ തെക്കേതിൽ | 8 | 1964 | 59 |
| ഭവാനി എം.വി, ആരക്കണ്ടത്തിൽ | 8 | 1964 | 59 |

3 . കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചില്ല.

01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന 2018 ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4, ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ 5 ഉപവകുപ്പ്(എഫ്) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

635858/-രൂപയാണ് കരാർ തുകയെന്നതിനാൽ അതിന് ആനുപാതികമായ മുദ്രപ്പത്രത്തിനു പകരം പ്രോജക്ടുമായി ബന്ധപ്പെട്ട് 200/-രൂപയുടെ മുദ്രപ്പത്രത്തിലാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത് .

മേൽ പരാമർശിത അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.10/22-23/15.11.23 ന് ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതാണെന്നും, ക്രമ നം. 2 ലെ പട്ടികയിൽ പറഞ്ഞിട്ടുള്ളതിൽ രണ്ട് പേർ കിടപ്പു രോഗികളാണെന്നും മറുപടി നല്കി. എന്നാൽ ഇവർ ആരൊക്കെയെന്ന് പറഞ്ഞിട്ടില്ല. ഇനി നടപ്പാക്കുന്ന പദ്ധതികളിൽ കരാർ വയ്ക്കുമ്പോൾ കരാർ തുകയ്ക്ക് ആനുപാതികമായുള്ള മുദ്രപ്പത്രത്തിൽ കരാറിൽ ഏർപ്പെടുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയ്ക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി മാത്രം പദ്ധതി നിർവ്വഹണം നടത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

1-19 വാങ്ങലിൽ ജില്ലാ തല യൂണിറ്റ് കോസ്റ്റ് പാലിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം. | S0131/23 | |
| പേര് | ഇടവിള കൃഷി വികസനം | |
| അടങ്കൽ | 987600 (വികസന ഫണ്ട്)<br>12000 (തനതു ഫണ്ട്) | |
| ചെലവ് | 987600 (വികസന ഫണ്ട്)<br>12000 (തനതു ഫണ്ട്) | |
| ബിൽ നം. | 203/16.02.23-273600 | ഇൻവോയിസ് നം.V-916A/22-23/15.02.23 കെയ്ക്കോ, തിരുവല്ല -456 കിറ്റ് |
| | 208/17.02.23-276000 | ഇൻവോയിസ് നം.Q-1146/15.02.23-കെയ്ക്കോ, കൊട്ടാരക്കര-460 കിറ്റ് |
| | 273/20.03.23-243000 | ഇൻവോയിസ് നം.Q-1691/17.03.23-കെയ്ക്കോ, കൊട്ടാരക്കര-405 കിറ്റ് |
| | 274/20.03.23-195000 | ഇൻവോയിസ് നം.V-1716A/22-23/16.03.23 കെയ്ക്കോ,തിരുവല്ല -345 കിറ്റ് |

2022-23 ൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ഇടവിള കൃഷി വികസനം എന്ന പദ്ധതിയിൽ കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലേയും അർഹതപ്പെട്ട കർഷകർക്ക് 5 കിലോ ചേന, 3 കിലോ ചേമ്പ്, 1 കിലോ ഇഞ്ചി, 1 കിലോ മഞ്ഞൾ (600/-രൂപ വിലവരുന്ന) എന്നിവ സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നും വാങ്ങി നല്കുകയാണ് പ്രോജക്ട് ലക്ഷ്യം. അതനുസരിച്ച് കെയ്‌ക്കോയുടെ തിരുവല്ല, കൊട്ടാരക്കര ശാഖകളിൽ നിന്നും ഇടവിളക്കിറ്റുകൾ വാങ്ങിയിട്ടുണ്ട്.

ഒരോ ഇനത്തിന്റെയും വില പ്രത്യേകമായി പരാമർശിക്കാതെ 600/-രൂപ വിലവരുന്ന കിറ്റ് എന്ന് പ്രോജക്ട് രൂപീകരണ ഫോറത്തിൽ ചേർക്കുകയും കെയ്‌ക്കോയുടെ ബില്ലിലും അപ്രകാരം തന്നെയാണ് വില രേഖപ്പെടുത്തിയിരിക്കുന്നത്.

ജില്ലാ തല യൂണിറ്റ് കോസ്റ്റ് പ്രകാരം ഒരു കിറ്റിന് അനുവദനീയമായ തുക ചുവടെ ചേർക്കുന്നു.

| ഇനം | യൂണിറ്റ് കോസ്റ്റ് | അനുവദീയമായ തുക |
|---|---|---|
| ചേന | 45/-രൂപ /കിലോ | 45x5= 225 |
| ചേമ്പ് | 70/-രൂപ/കിലോ | 70x3=210 |
| ഇഞ്ചി | 80/-രൂപ/കിലോ | 80x1=80 |
| മഞ്ഞൾ | 50/-രൂപ/കിലോ | 50x1=50 |
| | ആകെ | 565 |

അധിക നിരക്കിൽ ഇടവിള കിറ്റുകൾ വാങ്ങിയതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.08/22-23/14.11.23 ന് പദ്ധതി രൂപീകരണ ഫോറത്തിൽ പരാമർശിക്കും പ്രകാരം കൃത്യമായ അളവിൽ നടീൽ വസ്തുക്കൾ ഉൾക്കിയെടുക്കുവാൻ സാധിക്കാത്തതിനാലാണ് 600/- രൂപ വിലവരുന്ന കിറ്റ് എന്ന് വില കണക്കാക്കിയതെന്ന് മറുപടി നല്കി. യൂണിറ്റ് കോസ്റ്റിൽ പരിമിതപ്പെടുത്തി മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-20 പൊതുടാപ്പുകളുടെ ഡിസ്കണക്ഷൻ - പണം ഒടുക്കിയിട്ടും വാട്ടർ അതോറിറ്റി നടപടിയെടുത്തില്ല

07.03.2019 ൽ ഗ്രാമപഞ്ചായത്ത് അധികൃതർ വാട്ടർ അതോറിറ്റിക്ക് നൽകിയ അപേക്ഷ പ്രകാരം പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി. 17 വാർഡുകളിലായി 325 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നുവെന്ന് വാട്ടർ അതോറിറ്റി സാക്ഷ്യപ്പെടുത്തി. പ്രതിവർഷം വെള്ളക്കരം ഇനത്തിൽ 4788511.36 ഒടുക്കേണ്ടതായി വരുന്നുവെന്ന് 10.03.2023 തീയതിയിലെ അടിയന്തിരയോഗത്തിൽ പഞ്ചായത്ത് ഭരണസമിതി വിലയിരുത്തി. നിലവിൽ ഏതാണ്ട് പൂർണ്ണമായി തന്നെ എല്ലാ ടാപ്പുകളിലും ജലം ലഭിക്കാത്ത സാഹചര്യമാണുള്ളത് എന്നതിന്റെ അടിസ്ഥാനത്തിലും വാട്ടർ ചാർജ്ജ് ഇനത്തിൽ നൽകുന്ന ഭീമമായ തുക ഗ്രാമപഞ്ചായത്തിന്റെ നിത്യനിദാന ചെലവുകൾ വഹിക്കുന്നതിൽ മുടക്കം വരുന്നു എന്നതിന്റെ അടിസ്ഥാനത്തിലും ജലജീവൻ പദ്ധതി പ്രകാരം എല്ലാ വീടുകളിലും വാട്ടർ കണക്ഷൻ ലഭിച്ചിട്ടുള്ള സാഹചര്യത്തിലും മുഴുവൻ പൊതുടാപ്പുകളും വിച്ഛേദിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയോട് 10.03.2023 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. ഇതിനായി വാട്ടർ അതോറിറ്റിയ്ക്ക് കണക്ഷൻ വിച്ഛേദിക്കുന്നതിന് 26.06.23 ന് 5,15,000 ഡിസ്മാന്റിലിങ്ങ് ഫീസും ഗ്രാമപഞ്ചായത്ത് അടച്ചിരുന്നു. എന്നാൽ നാളിതുവരെ കണക്ഷൻ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചിട്ടില്ല. രേഖാമൂലം അറിയിപ്പ് നൽകി കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

### 1-21 ഹരിത കർമ്മസേനയുടെ പ്രവർത്തനം നിലച്ചു - ബെയ്‌ലിംഗ് മെഷീൻ കത്തിക്കരിഞ്ഞ നിലയിൽ

പ്രോജക്റ്റ് നം. -S0008/23

നിർവ്വഹണം -സെക്രട്ടറി

ഈ പദ്ധതിക്കായി തൻവർഷം 448630 രൂപ ചെലവഴിച്ചു. എന്നാൽ 20.10.23 ൽ എം.സി.എഫ് – ൽ തീപിടുത്തം ഉണ്ടാവുകയും ബെയ്‌ലിംഗ് മെഷീൻ ഉൾപ്പെടെയുള്ള സാധനങ്ങളെല്ലാം കത്തിനശിക്കുകയുമുണ്ടായി. ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | അടങ്കൽ | ചെലവ് | | |
|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 135000 | 135000 | | ബിൽ നം.243/10.03.23, ഹൊറിസോൺ |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 315000 | 313630 | 259710 | ചെക്ക് നം. 307086/10.03.23 ഹൊറിസോൺ |
| | | | 10920/- | ചെക്ക് നം. 307088/27.03.23 കെ.എസ്.ഇ.ബി, കൃഷ്ണപുരം |
| | | | 43000 | ചെക്ക് നം. 307087/22.03.23 ഇലക്ട്രിഫിക്കേഷൻ ലേബർ & മെറ്റീരിയൽ ചാർജ്ജ് |
| ആകെ | 450000 | 448630 | | |

ബെയ്‌ലിംഗ് മെഷീൻ വാങ്ങിയതിന് ഹൊറിസൊൺ, പട്ടണക്കാട് എന്ന സ്ഥാപനത്തിന് 394710 രൂപ അനുവദിച്ചിരുന്നു. പ്രോജക്റ്റ് ഫയൽ പരിശോധനയിലും എം.സി.എഫ് ൽ സ്ഥലപരിശോധന നടത്തിയതിലും ശ്രദ്ധയിൽപെട്ട വിഷയങ്ങൾ താഴെ കൊടുക്കുന്നു.

1)സുലേഖ ചെലവ് പത്രിക പ്രകാരം ഈ പദ്ധതിയുടെ ആകെ ചെലവ് 448630 (135000+313630) രൂപയാണ്. എന്നാൽ അനുബന്ധ വൗച്ചറിൽ 270630(259710+10920) രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ബിൽ രജിസ്റ്റർ പ്രകാരം ഇലക്ട്രിഫിക്കേഷൻ ലേബർ & മെറ്റീരിയൽ ചാർജ്ജ് ഇനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളതെങ്കിലും 43000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

2)എം.സി.എഫ് ന് ത്രീ ഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിനായി കൃഷ്ണപുരം കെ.എസ്.ഇ.ബി യ്ക്ക് 10920 രൂപ ഒടുക്കിയിരുന്നു. എന്നാൽ എം.സി.എഫ് ന് ത്രീ ഫേസ് കണക്ഷൻ ലഭിച്ചിരുന്നോ എന്ന് വ്യക്തമല്ല. ത്രീ ഫേസ് കണക്ഷന് എത്ര തുക ചെലവഴിച്ചു എന്നതിനും രേഖകളില്ല.

3)സ്ഥലപരിശോധന നടത്തിയതിൽ കത്തിക്കരിഞ്ഞ അവസ്ഥയിലാണ് ബയ്‌ലിംഗ് മെഷീൻ എന്ന് കണ്ടു. എം.സി.എഫ്/ബയ്‌ലിംഗ് മെഷീൻ എന്നിവ ഇൻഷ്വർ ചെയ്തിരുന്നോ എന്ന് വ്യക്തമല്ല.

4)എം.സി.എഫ് നിൽക്കുന്ന സ്ഥലം ജനവാസം കുറഞ്ഞ സ്ഥലത്താണെങ്കിലും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല. യാതൊരു സുരക്ഷയും ടി കെട്ടിടത്തിൽ ഉറപ്പ് വരുത്തിയിരുന്നില്ല.

2023 ഒക്ടോബർ മാസം വരെ നല്ല രീതിയിൽ പ്രവർത്തിച്ചു വന്നിരുന്ന ഹരിത കർമസേന നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് കാണുന്നു. ഹരിത കർമസേനയെ പുനരുജ്ജീവിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നതും വിശദീകരിച്ചിട്ടില്ല. ബെയ്‌ലിംഗ് മെഷീന് ഒരു വർഷ വാറന്റിയാണ് സ്ഥാപനം പറഞ്ഞിരുന്നത്. ഈ ഒരു വർഷ കാലയളവിലാണ് അപകടം സംഭവിച്ചിട്ടുള്ളത് എന്നതിനാൽ ബെയ്‌ലിംഗ് മെഷീൻ ഉപയോഗപ്രദമാക്കുവാൻ സ്ഥാപനം തയ്യാറായിട്ടുണ്ടോ എന്ന് വ്യക്തമല്ല.

മേൽ പറഞ്ഞ വിഷയങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 25/18.11.23) മറുപടി

ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 43000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ വിഷയങ്ങളിൽ വിശദീകരണം ഹാജരാക്കേണ്ടതും ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

### 1-22 ഫെസ്റ്റിവൽ അഡ്വാൻസ് ആയി നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന 2 ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസായി അനുവദിച്ച 16000/- രൂപ രജിസ്റ്ററിലും വാർഷിക ധനകാര്യ പത്രികയിലും ക്രമീകരിക്കാതെ അവശേഷിച്ചിട്ടുണ്ട്. അഡ്വാൻസ് തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് തിരികെ ഈടാക്കി ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 1-23 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായാണ് റോഡ് കണക്ടിവിറ്റി മാപ്പിംഗിനായി പദ്ധതി (S0053/22-23) തയ്യാറാക്കിയത്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ(കെ.എസ്.ആർ.ആർ.ഡി.എ) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R-ട്രാക്ക് മൊബൈൽ ആപ്ലിക്കേഷന്റേയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന റോഡുകളെ വർഗ്ഗീകരിച്ച് അടയാളപ്പെടുത്തി പഞ്ചായത്ത് മാപ്പ് രൂപപ്പെടുത്തുന്നു. റോഡുകളുടെ വീതി, അവസ്ഥ എന്നിവ ഇതിൽ നിന്നും മനസ്സിലാകുന്നു. 51000 രൂപ (തനത് ഫണ്ട്) അടങ്കലിൽ ഏക വർഷ പ്രോജക്ടായാണ് പദ്ധതി ആസൂത്രണം ചെയ്തത്. ഇതിനായി തൻവർഷം അനന്ദു കൃഷ്ണൻ.യു എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് 19240 രൂപ (ചെക്ക് നം. 38761/22.10.22) നൽകിയിട്ടുണ്ട്. ഏക വർഷ പ്രോജക്ടായാണ് പദ്ധതി ആസൂത്രണം ചെയ്തത്. പദ്ധതിയുടെ പുരോഗതി വ്യക്തമല്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/10.11.23), റോഡ് സർവ്വെ പൂർത്തീകരിച്ച് വേരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണെന്നാണ് മറുപടി.

ഡിജിറ്റലൈസ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ തൻവർഷ ചെലവ് 19240 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുക.

### 1-24 രേഖകൾ ഹാജരാക്കിയിട്ടില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു

എച്ച് എം (തയ്യിൽ തെക്ക് ജി.എൽ.പി.എസ്) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഫയലിൽ ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

1.

| | |
|---|---|
| പ്രോജക്ട് നം. | S0145/23 |
| പേര് | എസ് എസ് എ വിഹിതം നല്കൽ |
| അടങ്കൽ | 300000 |
| ചെലവ് | 300000 |
| ബിൽ നം. | 655652/27.12.22 |

മേൽ പ്രോജക്ട് പ്രകാരം 300000/- രൂപ ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർ ആലപ്പുഴയുടെ പേർക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ എസ് എസ് എ മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല.

2.

| | |
|---|---|
| പ്രോജക്ട് നം. | S0146/23 |
| പേര് | തുല്യതാ പഠനം |
| അടങ്കൽ | 122400 |
| ചെലവ് | 122400 |
| ബിൽ നം. | 986952/27.12.22-33300/-<br>986950/27.12.22-89100/- |

മേൽ ബില്ലുകൾ പ്രകാരം 122400/- രൂപ സാക്ഷരതാ മിഷന്റെ പേർക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നല്കിയിട്ടുണ്ട്. ലഭ്യമാക്കിയ ഫയലിൽ പത്താം തരം തുല്യതയ്ക്കായി രജിസ്റ്റർ ചെയ്ത 18 പഠിതാക്കളുടെയും ഹയർ സെക്കന്ററി തുല്യതാ കോഴ്സിനായി രജിസ്റ്റർ ചെയ്ത 21 പഠിതാക്കളുടെയും രേഖകൾ ഉണ്ട്.

പത്താം തരം തുല്യതയ്ക്കായി ഒരു പഠിതാവിന് 1850/- രൂപയും ഹയർ സെക്കന്ററി തുല്യതാ കോഴ്സിനായി ഒരു പഠിതാവിന് 2500/- രൂപയും അനുവദിച്ചതായാണ് രജിസ്ട്രേഷൻ രേഖയിൽ കാണുന്നത്. പത്താം തരം തുല്യതയിൽ പഠിതാക്കളുടെ എണ്ണവും അടച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും ഹയർ സെക്കന്ററി തുല്യതാ കോഴ്സിനായി വിനിയോഗിച്ച തുകയും ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള പഠിതാക്കളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ ഇവർ പഠനം നടത്തിയതിന്റെ ഹാജർ രേഖകൾ, പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ ഫയലിൽ ഇല്ല.

ഓഡിറ്റ് അന്വേഷണം നം. 5/22-23/13.11.23 മുഖേന വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ രണ്ട് പ്രോജക്ടുകൾക്കുമായി ചെലവഴിച്ച 422400/- രൂപയുടെ (300000 + 33300 + 89100) ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 പൊതു കുടിവെള്ള പദ്ധതി- ബോർവെൽ നിർമ്മാണം വാർഡ് 10- പ്രവൃത്തി നടപ്പിലായില്ല

പ്രോജക്റ്റ് നം. - S0159/23
നിർവ്വഹണം – സെക്രട്ടറി

അടങ്കൽ - 1064300 (FCA)

ചെലവ്- 935000, ബിൽ നം.292/24.03.23

ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ൽ കുടിവെള്ള പദ്ധതിക്കായി 935000 രൂപ പിൻവലിച്ച് ഭൂജല വകുപ്പിന് നൽകിയിരുന്നു. ഭൂജല വകുപ്പിൽ നിന്നുള്ള 16.03.23 ലെ ജി.ഡബ്ല്യൂ.എ/78/2022 നമ്പർ കത്ത് പ്രകാരമുള്ള ഫീസിബിലിറ്റി റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് തുക പഞ്ചായത്ത് കൈമാറിയിട്ടുള്ളത്. നിലവിൽ ട്യൂബ് വെൽ നിർമ്മാണത്തിന് ആവശ്യമായ 8 ഇഞ്ച് വ്യാസമുള്ള യു.പി.വി.സി പൈപ്പുകൾ വകുപ്പിൽ ലഭ്യമല്ലാത്തതിനാൽ പൈപ്പുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും തുക ഒടുക്കിയതിന് ശേഷം ഒരു വർഷ കാലാവധിക്കുള്ളിൽ വർക്ക് പൂർത്തീകരിക്കുവാൻ സാധ്യമായില്ലെങ്കിൽ ടി തുക പഞ്ചായത്തിൽ തിരികെ നൽകുന്നതാണെന്നും ഭൂജല വകുപ്പ് ടി കത്തിൽ പരാമർശിച്ചിരുന്നു. ഭൂജല വകുപ്പുമായി കരാർ ചമച്ചിട്ടില്ല. ടി പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/16.11.23) മറുപടി ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച്

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 935000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-26 പാലിയേറ്റീവ് പരിചരണ പദ്ധതി- മെഡിസിൻ പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്റ്റ് നം. -S0017/23

നിർവ്വഹണം - പി.എച്ച്.സി, മെഡിക്കൽ ഓഫീസർ

പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 1131816 രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും മെഡിസിൻ പൂർണ്ണമായും ലഭിച്ചില്ല. 172098 രൂപയുടെ മെഡിസിൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രോജക്റ്റ് | ചെലവ് തുക | കിട്ടാനുള്ള മരുന്നിന്റെ വില |
|---|---|---|
| 17/23, പാലിയേറ്റീവ് പരിചരണ പദ്ധതി | 1131816(931857, Plan+199959, Block Share) | 172098 |

### 1-27 മുൻകൂർ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല

2022-23 സാമ്പത്തികവർഷം ഗവ. ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് മുൻകൂറായി" ഹോംകോ" യ്ക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം./ചെക്ക് നം.,തീയതി | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| S0023/23 | ഗവ.ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മെഡിക്കൽ ഓഫീസർ ആയുർവേദം | 2,50000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) | 2207035200 4700993677 04.01.23 | 145516 | 104484 |

സമയബന്ധിതമായി മരുന്ന് ലഭ്യമാക്കാത്തത് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അടുത്ത സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മരുന്നുകളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സാധിക്കാതെ വരും.

കാലതാമസം കൂടാതെ മരുന്ന് ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരിക്കാൻ 10.11.2023 ൽ ഓഡിറ്റ് എൻക്വയറി (നമ്പർ-01/2022-23) പ്രകാരം ആവശ്യപ്പെട്ടിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ ഹോംകോയ്ക്ക് ഓർമ്മക്കുറിപ്പ് നല്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിരുന്നു. തുടർന്നും ഓർമ്മക്കുറിപ്പുകൾ നൽകി മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് പുരോഗതി അടിയന്തിരമായി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-28 പദ്ധതി നിർവ്വഹണത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പൂർണ്ണമായും അവഗണിക്കപ്പെട്ടു

2022-23 വർഷത്തിലെ പദ്ധതി നിർവ്വഹണത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പൂർണ്ണമായും അവഗണിക്കപ്പെട്ട സ്ഥിതിയാണ് ഓഡിറ്റിൽ വ്യക്തമായത്. പതിനാലാം പഞ്ചവൽസര

പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പദ്ധതികളുടെ രൂപീകരണ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള 13.01.2021 ലെ പട്ടിക ജാതി പട്ടിക വർഗ്ഗ വികസനത്തിന്റെ വർക്കിംഗ് ഗ്രൂപ്പിൽ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി, ലാപ്ടോപ്പ്, സൗജന്യ പി എസ് സി കോച്ചിംഗ് സെന്റർ തുടങ്ങുക, സ്പോർട്ട്സുമായി ബന്ധപ്പെട്ട് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് നല്കുക, മെറിട്ടോറിയസ് സ്കോളർഷിപ്പ്, യുവാക്കൾക്ക് തൊഴിൽ പരിശീലനം എന്നിവ എല്ലാം പരിഗണനാ വിഷയങ്ങൾ ആയിരുന്നു.

എന്നാൽ 2022-23 കരട് പദ്ധതി രേഖയിൽ അധ്യായം-3 പ്രശ്ന വിശകലനവും പരിഹാര സാധ്യതകളും എന്നതിലെ വിദ്യാഭ്യാസവും കലയും സംസ്കാരവും യുവജനകാര്യവും എന്ന ഭാഗത്ത് പട്ടിക ജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ പഠനവും അനുബന്ധ മേഖലകളും സംബന്ധിച്ച് ഒരു പരാമർശവും ഇല്ല.
എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥയായി 255000/-രൂപ അടങ്കലിൽ എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും എന്ന പ്രോജക്ടിന് (146/23) അംഗീകാരം ലഭിച്ചുവെങ്കിലും പ്രോജക്ട് നടപ്പായില്ല. മാത്രമല്ല പഠന നിലവാരവും, കായിക ശേഷിയും വർദ്ധിപ്പിക്കത്തക്ക ഒരു പദ്ധതിയും 2022-23 ൽ ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പായില്ല. മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.24/22-23 /17.11.23) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി നിർവ്വഹണത്തിൽ അർഹമായ പ്രാതിനിധ്യം എല്ലാവർക്കും ഉറപ്പാക്കും വിധമാകണം പ്രോജക്ടുകൾ രൂപീകരിക്കേണ്ടത്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-29 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് അനുവദനീയമായ മുഴുവൻ തുകയും നല്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0136/23 |
| പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 1154100 (വികസന ഫണ്ട് ജനറൽ)<br>577050 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>100000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 1150560 (വികസന ഫണ്ട് ജനറൽ)<br>549345 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>100000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നം. | 933261/20.12.22-109620<br>1051076/17.01.23-59940<br>1238472/24.02.23-549345<br>1145390/06.02.23- 100000 |

ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന 77 പേർക്ക് സ്കോളർഷിപ്പ് അനുവദിക്കുവാൻ ആവിഷ്കരിച്ച പ്രോജക്ടാണിത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.6 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം 28500/-രൂപയും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് 4500/-രൂപ മുതൽ 13500/-രൂപ വരെയും അനുവദനീയമാണ്.

ഫയൽ പരിശോധിച്ചതിൽ എല്ലാ കുട്ടികൾക്കും അനുവദനീയമായ മുഴുവൻ തുകയും അനുവദിച്ചിട്ടില്ല എന്ന് കണ്ടു. ഓരോ കുട്ടിക്കും എത്ര രൂപ വീതം അനുവദിച്ചു എന്ന് കൃത്യമായി നിരീക്ഷിക്കുവാൻ കഴിയുന്ന

വിധത്തിൽ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.6/22-23 /13.11.23 ന് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്നും 2022-23 കാലയളവിൽ അനുവദിച്ച പ്ലാൻ ഫണ്ട് തുക അപര്യാപ്തമായതിനാലാണ് മുഴുവൻ തുകയും നല്കാൻ സാധിക്കാഞ്ഞതെന്ന് മറുപടി നല്കി.

സമൂഹത്തിലെ ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകും വിധം ഫണ്ട് ക്രമീകരിക്കുന്നതിനും രജിസ്റ്റർ കൃത്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവഹണം - സെക്രട്ടറി

1) സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ, പ്രോജക്റ്റ് നം. S0003/23

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ നടത്തുന്നതിനായി താഴെ പറയും പ്രകാരമുള്ള 17,00,000 രൂപ കെ.എസ്.ഇ.ബി യിൽ ഒടുക്കിയിട്ടുണ്ട്.

| | | |
|---|---|---|
| കെ.എസ്.ഇ.ബി ഈസ്റ്റ് | ബിൽ നം.157/30.12.22 | 392184 |
| കെ.എസ്.ഇ.ബി, കൃഷ്ണപുരം | ബിൽ നം.299/25.03.23 | 991200 |
| കെ.എസ്.ഇ.ബി, ഓച്ചിറ | ബിൽ നം.348/31.03.23 | 316616 |
| ആകെ | | 17,00,000 |

2)സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ, പ്രോജക്റ്റ് നം. S0067/23

വാർഡ് 12, 13 ലെ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ നടത്തുന്നതിനായി താഴെ പറയും പ്രകാരമുള്ള 458430 രൂപ കെ.എസ്.ഇ.ബി യിൽ ഒടുക്കിയിട്ടുണ്ട്.

| | | |
|---|---|---|
| കെ.എസ്.ഇ.ബി, ഓച്ചിറ | ബിൽ നം.167/05.01.23 | 418590 |
| കെ.എസ്.ഇ.ബി, ഓച്ചിറ | ചെക്ക് നം. 767847/18.01.23 | 39840 |
| ആകെ | | 458430 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.19/16.11.23) മറുപടി ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 2158430 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാനവശേഷിക്കുന്നു

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടുപോകുന്നതാണ്. ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. 2016-17 മുതൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാനവശേഷിക്കുന്ന ഡെപ്പോസിറ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | വൗച്ചർ നമ്പർ | സ്ഥാപനത്തിന്റെ/വ്യക്തിയുടെ വിശദാംശം | തുക |
|---|---|---|---|
| 01.09.16 | 1611100301 | ഭാരത് ഇലക്ട്രിക്കൽസ് | 1250 |
| 18.03.17 | 1103009 | സുധി | 3750 |
| 18.03.17 | 1103013 | എയിംസ് എനർജി സിസ്റ്റം | 6400 |
| 24.03.17 | 1103115 | ശശി | 50 |

| | | | |
|---|---|---|---|
| 24.03.17 | 1103129 | നൂറുദ്ദീൻ | 50 |
| 20.01.17 | 117110 | ഷാനിസ് ഖാൻ | 1300 |
| 22.12.17 | 102465 | ശാലിനി | 2875 |
| 22.12.17 | 102466 | അനിൽ കുമാർ | 2875 |
| 13.08.18 | 118110 | ഹിമ ഡിസ്ട്രിബ്യൂട്ടേഴ്സ് | 2750 |
| 13.08.18 | 101413 | അരുൺ പോളിമേഴ്സ് | 3200 |
| 25.09.18 | 101723 | മുരളീധരൻ പിള്ള | 4000 |
| 20.12.18 | 103762 | ആൽഫ നെറ്റ് സിസ്റ്റംസ് | 3800 |
| 23.02.19 | 103763 | ഹരിലാൽ | 3800 |
| 06.03.19 | 103995 | റ്റി.ഷഹിൻഷ | 1630 |
| 07.03.19 | 104002 | രഘുനാഥൻ.എസ് | 1000 |
| 16.09.19 | 101411 | ജീവൻ രാജ്. ബി.എം | 4595 |
| 16.09.19 | 101412 | ജീവൻ രാജ്. ബി.എം | 6947 |
| 13.12.19 | 103156 | ജയകുമാർ, മോഹൻ കോട്ടേജ് | 1698 |
| 13.12.19 | 103158 | ജയകുമാർ, മോഹൻ കോട്ടേജ് | 2964 |
| 13.12.19 | 103160 | ജയകുമാർ, മോഹൻ കോട്ടേജ് | 3120 |
| 13.12.19 | 103164 | ജയകുമാർ, മോഹൻ കോട്ടേജ് | 1300 |
| 13.12.19 | 103164 | ജയകുമാർ, മോഹൻ കോട്ടേജ് | 1300 |
| 13.12.19 | 103166 | ജയകുമാർ, മോഹൻ കോട്ടേജ് | 2693 |
| 13.12.19 | 103168 | ജയകുമാർ, മോഹൻ കോട്ടേജ് | 1644 |
| 16.12.19 | 103997 | എ.എൻ വിശ്വം | 6108 |
| 09.01.20 | 103514 | ജയകുമാർ, മോഹൻ കോട്ടേജ് | 5450 |
| 09.01.20 | 103515 | ജയകുമാർ, മോഹൻ കോട്ടേജ് | 4631 |
| 09.01.20 | 103522 | അനൂപ് തമ്പി | 6597 |
| 09.01.20 | 103523 | അനൂപ് തമ്പി | 6547 |
| 10.02.20 | 104037 | രാഹുൽ ആർ., രാജ് ഭവൻ | 5571 |
| 10.02.20 | 104037 | രാഹുൽ ആർ., രാജ് ഭവൻ | 5571 |
| 10.02.20 | 104038 | രാഹുൽ ആർ., രാജ് ഭവൻ | 9323 |
| 10.02.20 | 104039 | രാഹുൽ ആർ., രാജ് ഭവൻ | 8970 |
| 11.02.20 | 104075 | രാഹുൽ ആർ., രാജ് ഭവൻ | 7800 |
| 09.01.20 | 104535 | അനൂപ് തമ്പി | 7429 |
| 09.01.20 | 10537 | അനൂപ് തമ്പി | 2410 |
| 09.01.20 | 104539 | അനൂപ് തമ്പി | 1407 |
| 03.03.20 | 104557 | രാജൻ.എൻ | 2028 |
| 03.03.20 | 104558 | രാജൻ.എൻ | 7044 |
| 03.03.20 | 104559 | രാജൻ.എൻ | 3770 |
| 03.03.20 | 104560 | രാജൻ.എൻ | 8183 |
| 03.03.20 | 104584 | രവീന്ദ്രൻ പിള്ള | 4680 |

| | | | |
|---|---|---|---|
| 03.03.20 | 104585 | രവീന്ദ്രൻ പിള്ള | 4680 |
| 03.03.20 | 104600 | അനുഷ | 4862 |
| 03.03.20 | 104601 | അനുഷ | 3788 |
| 03.03.20 | 104602 | അനുഷ | 5239 |
| 03.03.20 | 104603 | അനുഷ | 4168 |
| 03.03.20 | 104607 | ഷമീർ മോൻ | 6854 |
| 03.03.20 | 104608 | ഷമീർ മോൻ | 8346 |
| 03.03.20 | 104609 | ഷമീർ മോൻ | 7139 |
| 03.03.20 | 104610 | ഷമീർ മോൻ | 3255 |
| 03.03.20 | 104611 | ഷമീർ മോൻ | 2808 |
| 03.03.20 | 104620 | ഷമീർ മോൻ | 10875 |
| 03.03.20 | 104620 | രാഹുൽ രാജ് | 7800 |
| 29.05.20 | 100482 | ആദർശ് റാം | 11250 |
| 29.05.20 | 100483 | ആദർശ് റാം | 12000 |
| 29.05.20 | 100490 | രതീഷ് കുമാർ | 9470 |
| 29.05.20 | 100492 | സുരേഷ് കുമാർ | 11250 |
| 29.05.20 | 100493 | സുരേഷ് കുമാർ | 12000 |
| ആകെ | | | 294294 |

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 പ്രത്യേക കന്നുകുട്ടി പരിപാലനം - പദ്ധതി പൂർത്തിയായില്ല

പ്രോജക്ട് നം. 130/23, പ്രത്യേക കന്നുകുട്ടി പരിപാലനം

നിർവഹണം - വെറ്ററിനറി സർജൻ

അടങ്കൽ - 850000/-

ചെലവ് - 425000/-(വികസന ഫണ്ട്)

ബിൽ നം.4/19.01.2023

കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെട്ട 34 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനായി മേൽ തുക അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയിൽ 88572/- രൂപ മാത്രമാണ് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുള്ളത്. ഓഡിറ്റ് തീയതിയിൽ (17.11.2023) 336428/- രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/16.11.2023) പ്രോജക്ട് നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തിയായിട്ടില്ലെന്നും അറിയിച്ചു. പ്രോജക്ട് പൂർത്തിയാക്കി രേഖകൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല

പഞ്ചായത്തിൽ നിർവഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%=281 രൂപ ഈടാക്കിയിരുന്നെങ്കിലും ജി.എസ്.ടി തുക ഉൾപ്പെടെയുള്ള തുക Sale Of Empties And Waste Materials എന്ന ഹെഡിൽ ഉൾപ്പെടുത്തി തനത് ഫണ്ടിൽ വകയിരുത്തുന്നു. ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരൽ വില ഇനത്തിൽ കുറവ് ചെയ്ത തുക | ജി.എസ്.റ്റി ഇനത്തിൽ ഒടുക്കേണ്ടിയിരുന്ന തുക@43 |
|---|---|---|---|
| 1 | അജന്ത ജംക്ഷൻ കളപ്പുരയ്ക്കൽ റോഡ് -മാൻ ഹോൾ സ്ഥാപിക്കൽ | 7ബാരൽ @281=1967 | 301 |
| 2 | അജന്ത ജംക്ഷൻ കളപ്പുരയ്ക്കൽ റോഡ് പുനരുദ്ധാരണം | 10ബാരൽ @281=3091 | 430 |
| 3 | മുക്കോലമുക്ക് -കോട്ടക്കുഴി മുക്ക് റോഡ് ടാറിംഗ് | 11ബാരൽ @281=3091 | 473 |
| 4 | കളിയിക്കൽ മുക്ക് - ലക്ഷ്മിവരം മുക്ക് റോഡ് റീ ടാറിംഗ് | 23ബാരൽ @281=6463 | 989 |
| 5 | മാവേലി സ്റ്റോർ-തറയിൽ മുക്ക് റോഡ് റീ ടാറിംഗ് | 14ബാരൽ @281=3934 | 602 |
| 6 | പുല്ലം പള്ളിൽ മുക്ക് - ചിറയിൽ റോഡ് റീ ടാറിംഗ് | 9ബാരൽ @281=2529 | 387 |
| 7 | മാവേലി സ്റ്റോർ- തറയിൽ മുക്ക് റോഡ് പുനരുദ്ധാരണം | 4ബാരൽ @281=1124 | 172 |
| 8 | നാനാശ്ശേരിൽ പ്രകാശ് ഭവനം<br>റോഡ് റാ ടാറിംഗ് | 10ബാരൽ @281=2810 | 430 |
| 9 | പുളിക്കത്തറ റോഡ് - ശാസ്താംനട റോഡ് മെയിന്റനൻസ് | 8ബാരൽ @281=2248 | 344 |
| 10 | പുത്തൻകണ്ടത്തിൽ മുക്ക് -ശ്യാം ഭവൻ റോഡ് ടാറിംഗ് | 13ബാരൽ @281=3653 | 559 |
| 11 | സൂര്യമുക്ക് -നടയിൽ കിഴക്കേതിൽ മുക്ക് റോഡ് റീ ടാറിംഗ് | 03ബാരൽ @281=843 | 129 |

| | | | |
|---|---|---|---|
| 12 | അജന്തമുക്ക് -തടിമില്ല് ശിലാന്തറ പാലം റോഡ് | 07ബാരൽ @281=1967 | 301 |
| 13 | ഗുരുമന്ദിരം-വാത്തിപറമ്പിൽ റോഡ് റീ ടാറിംഗ് | 5ബാരൽ @281=1405 | 215 |
| 14 | കുറിച്ചിയിൽ റോഡ് പുനരുദ്ധാരണം | 3ബാരൽ @281=843 | 129 |
| 15 | കിളിയ്ക്കൽ മുക്ക് -മണക്കാട്ട് മുക്ക് റോഡ് പുനരുദ്ധാരണ | 2ബാരൽ @281=564 | 86 |
| 16 | പ്ലാങ്കീഴ് മുക്ക് -പച്ചകുളത്ത് റോഡ് പുനരുദ്ധാരണം | 6ബാരൽ @281=1686 | 258 |
| 17 | കൃഷി ഭവൻ -കൈരളി മുക്ക് റോഡ് പുനരുദ്ധാരണം | 19ബാരൽ @281=5339 | 817 |
| 18 | പൂളയിൽ മുക്ക് തഴത്തോട് റോഡ് റീ ടാറിംഗ് | 11ബാരൽ @281=3091 | 473 |
| 19 | വാത്തിപ്പറമ്പിൽ മുക്ക് -ഗുരുമന്ദിരം റോഡ് പുനരുദ്ധാരണം | 6ബാരൽ @281=1686 | 253 |
| 20 | ചാലയ്ക്കൽ എച്ച്.എച്ച്.എസ്.എസ് റോഡ് റീ ടാറിംഗ് | 19ബാരൽ @281=5339 | 817 |
| | ആകെ | | 8165 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(12/15.11.23) പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ച തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നൽകിയതിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പാലിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷം കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | നിരക്ക് | ആകെ SGST& CGST @2.5 (Discount 15% Availed) | വൌച്ചർ നമ്പർ | അനുവദനീയമായ തുക (24ച.സെ.മീ. Xനിരക്ക്+ 5%GST- | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | നീളം | വീതി | | | | 15% DIS.) | |
| ദേശാഭിമാനി | വിവിധ പദ്ധതികളുടെ ടെൻഡർ പരസ്യങ്ങൾ | 4 | 8 | 180 | 5141 (Sgst-122.4 Cgst-122.4) | 4220080 /16.05.22 | 3856 | 1285 |
| ദേശാഭിമാനി | വിവിധ പദ്ധതികളുടെ ടെൻഡർ പരസ്യങ്ങൾ | 5.5 | 8 | 180 | 7069 (Sgst-183.8 Cgst-183.8) | 4220080 /16.05.22 | 3856 | 3213 |
| ദേശാഭിമാനി | വിവിധ പദ്ധതികളുടെ ടെൻഡർ പരസ്യങ്ങൾ | 6 | 8 | 160 | 7771 7069 (Sgst-183.8 Cgst-183.8) | 4220080 /16.05.22 | 3856 | 3915 |
| ദേശാഭിമാനി | വിവിധ പദ്ധതികളുടെ ടെൻഡർ പരസ്യങ്ങൾ | 4 | 8 | 160 | 6283 (Sgst-149.6 Cgst-149.6) | 4220080 /16.05.22 | 24ച.സെ.മീ. X160 3856 | 2427 |
| | | | | ആകെ | | | | 10840 |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ. ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24 ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 10840 നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളിൽ അടിയന്തിരമായി നടപടി സ്വീകരിച്ച് വിശദീകരണം ഓഡിറ്റിന് നല്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ആദായനികുതി ഈടാക്കിയില്ല

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഉൾപ്പടെ നടപ്പാക്കിയ തൊഴിലുറപ്പ് പ്രവൃത്തികളുടെ ബോർഡ് സ്ഥാപിച്ചതിനുള്ള തുക 2022-23 ൽ അനുവദിച്ചിട്ടുണ്ട്.

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | ടാക്സ് ഇൻഡക്സ് നം. | അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|
| റിസാഫ് ലൈറ്റിംഗ് സൊല്യൂഷൻസ് | 32BPNPS5199M2ZX | 181976 | 1820 |
| ബിനു കെ തോമസ് | 32ARLPB8906E1Z2 | 96900 | 970 |

| | | | |
|---|---|---|---|
| ആദർശ് റാം | 32CTOPA0531K1Z0 | 240000 | 2400 |
| അശ്വിൻ വി വിജയൻ | 32AKZPV1611M1ZL | 81180 | 820 |
| | | ആകെ | 6010 |

ആദായ നികുതി ഇനത്തിലെ തുകകൾ മേൽ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 21/17.11.2023)

1-36 അനുപൂരക പോഷകാഹാര പരിപാടിയിൽ ഭക്ഷ്യ വസ്തുക്കൾ വാങ്ങിയ തുക കുടിശ്ശികയായി തുടരുന്നു

| | |
|---|---|
| പ്രോജക്ട് നം. | 20 |
| പേര് | അനുപൂരക പോഷകാഹാര പരിപാടി |
| അടങ്കൽ | 1500000(വികസന ഫണ്ട് ജനറൽ) |
| | 1200000(കേന്ദ്രാവിഷ്കൃത ഫണ്ട് ) |
| | 125000(തനത് ഫണ്ട്) |
| | 200000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 1500000(വികസന ഫണ്ട് ജനറൽ) |
| | 1177760 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| | 125000(തനത് ഫണ്ട്) |
| | 185000 (ജില്ലാ പഞ്ചായത്ത് വിഹിതം) |

അനുപൂരക പോഷകാഹാര വിതരണത്തിനായി ആവിഷ്കരിച്ച മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ 2022-23 വർഷത്തേക്ക് വകയിരുത്തിയ തുകയിൽ നിന്നും 2020-21, 2021-22 കാലയളവുകളിലെ 1146777/-രൂപയും മാറി നല്കിയിട്ടുള്ളതായി കണ്ടു.

| ബി ആർ എൻ | തുക | തുക കൈപ്പറ്റിയതിന്റെ വിവരം | ചെലവിന്റെ ഇനം (ഇൻവോയിസ് നം./തീയതി-തുക) |
|---|---|---|---|
| 202305/15.06.2022 | 1123332/- | ദുർഗ്ഗാലക്ഷ്മി അമൃതം ഫുഡ് പ്രോഡക്ട്- 221488/- | 924/21.01.22-72861<br>937/11.02.22-71967<br>947/15.03.22-76660 |
| | | നീതി സ്റ്റോർ- 901844/- | 1368/02.03.21-485317<br>1789/15.02.22-349387<br>1861/05.03.22-67140 |
| 232159/ 23.06.22 | 340943/- | അങ്കണവാടി വർക്കർമാരുടെ പേരിൽ അനുവദിച്ച പലവ്യഞ്ജനം , ഗ്യാസ് എന്നിവയുടെ തുക | ഗ്യാസ് -02/22- 13210<br>പലവ്യഞ്ജനം03/22-10235 |

(I) നീതി സ്റ്റോറിനു നല്കുവാനുള്ള 2020-21 വർഷത്തെ തുക സമയബന്ധിതമായി നല്കാതെയും 2021-22 ൽ സ്പിൽ ഓവർ പ്രോജക്ട് രൂപീകരിക്കാതെയും 2022-23 ലെ പദ്ധതിയിൽ നിന്നും മാറി നല്കിയത് ക്രമ പ്രകാരമുള്ള നടപടിയല്ല. മുമ്പ് ഗ്രാമപഞ്ചായത്തിൽ നിന്നും തുക നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതായോ മുൻവർഷത്തിൽ തുക ഈ ഇനത്തിനായി ചെലവഴിച്ചിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(Ii) സ്റ്റോക്ക് രജിസ്റ്ററിൽ 2022-23 കാലയളവിൽ ബില്ല് മാറിയ ഇനങ്ങൾ മാത്രമേ എൻട്രി വരുത്തിയിട്ടുള്ളൂ. ഇക്കാരണത്താൽ 2022-23 ൽ ഇനി എത്ര രൂപ കുടിശ്ശിക ഉണ്ടെന്ന് അറിയുവാനും സാധിക്കുന്നില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.6/22-23 /13.11.23 – ന് സ്പിൽ ഓവർ പ്രോജക്ട് വയ്ക്കുവാൻ സൂപ്പർവൈസർ പഞ്ചായത്തിന് കത്ത് നല്കിയിരുന്നുവെങ്കിലും തുടർ പ്രോജക്ട് ആയതിനാൽ സ്പിൽ ഓവർ പ്രോജക്ട് വയ്ക്കേണ്ടതില്ല എന്ന് പഞ്ചായത്തിൽ നിന്നും അറിയിച്ചു എന്ന് മറുപടി നല്കി. 2021-22 കാലയളവിലെ തുക അനുവദിച്ച വിഷയത്തിൽ ഈ മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും 2020-21 ലെ തുക അനുവദിച്ചതിന്മേൽ കൃത്യമായ പരിശോധന ആവശ്യമാണ്. തുക കുടിശ്ശിക വരുത്താതെ അതത് വർഷം തന്നെ ചെലവഴിക്കാവുന്ന രീതിയിൽ പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്. വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വാണിജ്യ കെട്ടിടത്തിന് നികുതി നിശ്ചയിച്ചത് മാനദണ്ഡപ്രകാരമല്ല

സ്മിത.ആർ, ഇല്ലിക്കുളത്ത്, ഓച്ചിറ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 9/646, 9/647, 9/648 നമ്പർ കെട്ടിടത്തെ വാണിജ്യ ആവശ്യത്തിനുള്ള ബങ്ക് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് കെട്ടിട നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം ഈ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ നിരക്ക് 30 രൂപയാണ്. വാണിജ്യ ആവശ്യങ്ങൾക്ക് നിർമ്മിക്കപ്പെട്ട പ്രസ്തുത കോൺക്രീറ്റ് കെട്ടിടത്തിന് ആകെ 103.58 ച.മീറ്റർ വലിപ്പമുണ്ട്. 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപ നിരക്കാണുള്ളത്. നിരക്ക് നിശ്ചയിച്ചതിലെ വ്യത്യാസം കാരണം നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ആകെ വിസ്തീർണ്ണം | നിരക്ക് | നികുതി |
|---|---|---|
| 103.58 | 30 | 3107 |
| 103.58 | 50 | 5179 |
| വ്യത്യാസം | | 2072 |

തെറ്റായി നിരക്ക് നിശ്ചയിച്ചതുമൂലം 2072 രൂപ പ്രതിവർഷം വസ്തു നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടാകുന്നുണ്ട്. നിരക്കിലെ വ്യത്യാസം പരിശോധിച്ച് മറുപടി നൽകേണ്ടതാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/16.11.2023) മറുപടി ലഭ്യമാക്കിയില്ല. നഷ്ടം ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായ നികുതി ഈടാക്കിയിട്ടില്ല

കൃഷ്ണപുരം ഗ്രാമ പഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഉൾപ്പടെ നടപ്പാക്കിയ തൊഴിലുറപ്പ് പ്രവൃത്തികളുടെ ബോർഡ് സ്ഥാപിച്ചതിനുള്ള തുക 2022-23 ൽ അനുവദിച്ചിട്ടുണ്ട്.

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | ടാക്സ് ഇൻഡക്സ് നം. | അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|
| റിസാഫ് ലൈറ്റിംഗ് സൊല്യൂഷൻസ് | 32BPNPS5199M2ZX | 181976 | 1820 |
| ബിനു കെ തോമസ് | 32ARLPB8906E1Z2 | 96900 | 970 |
| ആദർശ് റാം | 32CTOPA0531K1Z0 | 240000 | 2400 |
| അശ്വിൻ വി വിജയൻ | 32AKZPV1611M1ZL | 81180 | 820 |
| | | ആകെ | 6010 |

ആദായ നികുതി ഇനത്തിലെ തുകകൾ മേൽ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 21/17.11.2023)

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 199959 | പാലിയേറ്റീവ് കെയർ | 199959 | 0 |
| | | 1400000 | ലൈഫ്-ജനറൽ | 1400000 | 0 |
| | | 283730 | ലൈഫ്-റ്റി.എസ്.പി | 283730 | 0 |
| | | 549345 | സ്കോളർഷിപ്പ് | 549345 | 0 |
| | | 346423 | പാലിന് സബ്സിഡി | 346423 | 0 |
| | | 394689 | ബഡ്സ് സ്കൂൾ ചെലവ് | 394689 | 0 |
| | | 3174146 | | 3174146 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1365000 | ലൈഫ് -എസ്.സി.പി | 1365000 | 0 |
| | | 440000 | ലൈഫ്-ജനറൽ | 440000 | 0 |
| | | 185000 | അനുപൂരക പോഷകാഹാര പദ്ധതി | 185000 | 0 |

| | | | |
|---|---|---|---|
| 100000 | സ്കോളർഷിപ്പ് | 100000 | 0 |
| 100000 | പാലിന് സബ്സിഡി | 100000 | 0 |
| 2190000 | | 2190000 | |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.157/30.12.22 ബിൽ നം.299/25.03.23 ബിൽ നം.348/31.03.23 | 1700000 | 0 | 1700000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.167/05.01.23 ചെക്ക് നം. 767847/18.01.23 | 468430 | 0 | 468430 |
| ഗ്രൗണ്ട് വാട്ടർ വകുപ്പ് | പൊതുകുടിവെള്ള പദ്ധതി-ബോർവെൽ നിർമ്മാണം | ബിൽ നം.292/24.03.23 | 935000 | 0 | 935000 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | - | - | 20163690 | 3260568 | | 16903122 |

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-20 | 2008-09 | 3.5.5-A | ചെറുകിട വ്യവസായം (പട്ടികജാതി വനിത) | വിജിലൻസ് പരിഗണനയിൽ |
| 2005-06 | 3-2 | 2008-09 | 3.5.5-B | വനിതാഘടക പദ്ധതി ക്രമക്കേട് | വിജിലൻസ് പരിഗണനയിൽ |
| 2005-06 | 3-17 | 2008-09 | 3.5.5-B | ട്രഷറിയിൽ നിന്ന് പിൻവലിച്ച് തുക വിതരണം ചെയ്യാത്തത് | വിജിലൻസ് പരിഗണനയിൽ |
| 2006-07 | 3-1 എ മുതൽ ജെ വരെ | 2009-10 | 2-10 | വിവിധ പദ്ധതികളിലെ ക്രമക്കേടുകൾ | വകുപ്പ് തല നടപടിയിൽ |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിശദാംശം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65971479 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48036235 |
| വരവിനങ്ങളിലുള്ള നഷ്ടം | 2072 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3578070 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 2-1 | 2072 | സബീന.എസ്, സെക്രട്ടറി |
| ആകെ | 2072 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-21 | 43000 | സബീന.എസ്, സെക്രട്ടറി |
| 1-23 | 19240 | റജീന.എ അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24-1 | 300000 | സബീന, എച്ച്.എം |
| 1-24-2 | 122400 | സബീന, എച്ച്.എം |
| 1-25 | 935000 | സബീന.എസ്, സെക്രട്ടറി |

| | | |
|---|---|---|
| 1-30-1 | 392184 | എം.ഷാജഹാൻ, സെക്രട്ടറി |
| 1-30-1 | 991200 | സബീന.എസ്, സെക്രട്ടറി |
| 1-30-1 | 316616 | സബീന.എസ്, സെക്രട്ടറി |
| 1-30-2 | 458430 | എം.ഷാജഹാൻ, സെക്രട്ടറി |
| ആകെ | 3578070 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക (ആദായനികുതി) | ഉത്തരവാദിയുടെ പേര് |
|---|---|---|
| 1-35 | 6010 | ആരാധന,<br>അക്രഡിറ്റഡ് എഞ്ചിനീയർ |
| ആകെ | 6010 | |

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.ഷാജഹാൻ<br>സെക്രട്ടറി | വിരമിച്ചു | ഷാജി നിവാസ്, വള്ളികുന്നം |
| സബീന.എസ്,<br>സെക്രട്ടറി | സെക്രട്ടറി<br>കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | ആലുംമൂട്ടിൽ<br>സെബി മൻസിൽ,<br>ചേരാവള്ളി,കായംകുളം |
| റജീന.എ<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | ഷീജ നിവാസ്<br>നാഷണൽ നഗർ<br>പോളയത്തോട്<br>കൊല്ലം |
| സബീന,<br>ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്<br>തയ്യിൽതെക്ക് ജി.എൽ.പി.എസ്<br>കൃഷ്ണപുരം | ആക്കനാട്ടേത്ത്, കട്ടച്ചിറ,<br>പള്ളിക്കൽ.പി.ഒ<br>ആലപ്പുഴ |
| ആരാധന,<br>അക്രഡിറ്റഡ്<br>എഞ്ചിനീയർ | എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ്<br>എഞ്ചിനീയർ<br>കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | അശ്വതി<br>കാപ്പിൽ മേക്ക്<br>കൃഷ്ണപുരം.പി.ഒ<br>ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജിഎ.5-1832/11/31.01.2012 |
| 1999-00 | എൽ.എഫ്.ജിഎ.5-1832/11/31.01.2012 |
| 2001-02 | എൽ.എഫ്.ജിഎ.5-1832/11/31.01.2012 |
| 2002-03 | എൽ.എഫ്.ജിഎ.5-1832/11/31.01.2012 |

| | |
|---|---|
| 2003-04 | എൽ.എഫ്.ജിഎ.5-1832/11/31.01.2012 |
| 2004-05, 2005-06 | എൽ.എഫ്.ജിഎ.5-1577/13/13.05.2014 |
| 2006-07 | എൽ.എഫ്.ജിഎ.5-1577/13/13.05.2014 |
| 2007-08 | എൽ.എഫ്.ജിഎ.5-1577/13/13.05.2014 |
| 2008-09 | എൽ.എഫ്.ജിഎ.5-1577/13/13.05.2014 |
| 2009-10 | എൽ.എഫ്.ജിഎ.5-1577/13/13.05.2014 |
| 2010-11 | എൽ.എഫ്.എ-പി.4-1307/2022/28.04.2023 |
| 2011-12, 2012-13 | എൽ.എഫ്.എ-പി.4-1307/2022/28.04.2023 |
| 2013-14, 2014-15 | എൽ.എഫ്.എ-പി.4-1307/2022/28.04.2023 |
| 2015-16 | എൽ.എഫ്.എ-പി.4-1307/2022/28.04.2023 |
| 2016-17 | എൽ.എഫ്.എ-പി.4-1307/2022/28.04.2023 |
| 2017-18 | എൽ.എഫ്.എ-പി.4-1307/2022/28.04.2023 |
| 2018-19 | എൽ.എഫ്.എ-പി.4-1307/2022/28.04.2023 |
| 2019-20 | കെ.എസ്.എ.-എ.എൽ.പി.- പി-4/386/2021/12.04.2021 |
| 2020-21 | കെ.എസ്.എ.-എ.എൽ.പി.- പി-4/627/2022/03.07.2022 |
| 2021-22 | കെ.എസ്.എ.-എ.എൽ.പി.- പി-4/310/2023/23.03.2023 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 14-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Krishnapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Krishnapuram Grama Panchayat for the year 2022-2023

Date: 20/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Krishnapuram Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. CFC Grant Expenditure and balance amounts do not match.
2. Advances paid for deposit works were not adjusted in time.
3. Property Tax D.C.B - Sanchaya and ILGMS figures are not matching
4. Appropriation Control Register is not maintained.
5. All statements as per accounting rules are not included in the annual accounts
6. Cash flow statement- does not reflect correct figure.
7. Valuation of panchayat assets not done.

8. Government/Other dues register not maintained.
9. The accuracy of transactions and deposits under Capital Work in Progress has not been explained.
10. Items adjusted as Prior Period-Notes on Account not prepared.
11. Negative balance exists in LGTSB account.
12. Amount not included in fixed asset.
13. Income not recorded as receipt for profession tax.
14. Demand entries not recorded in time.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്